**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **828** — 30/10/2019-ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിത്സാ ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ് :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| **(എ)** | പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിത്സാ ധനസഹായം ആ വിഭാഗത്തിലെ ആളുകൾക്ക് അവരുടെ അക്കൗണ്ട് ഉള്ള ബാങ്കുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | **(എ)** | ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ഐ.എഫ്.എസ്.സി. നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിയ്ക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. |
| **(ബി)** | എസ്.ടി. വിഭാഗത്തിന്റെ അപേക്ഷകളിൽ തീരുമാനം ആയിട്ടും തുക ലഭ്യമാകുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | **(ബി)** | തുക അനുവദിച്ച് ഉത്തരവായിട്ടുള്ള കേസുകളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ മേൽ പറഞ്ഞ രേഖകൾ യഥാസമയം ഹാജരാക്കാത്ത കേസ്സുകളിൽ കാലതാമസം ഉണ്ടാകാറുണ്ട്. കാലതാമസമില്ലാതെ വിതരണം ചെയ്യുന്നതിനായി ഓൺലൈൻ സംവിധാമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| **(സി)** | ഗുണഭോക്താവിന് തുക ലഭ്യമാകുന്ന അറിയിപ്പ് മന്ത്രി ഓഫീസിൽ നിന്നോ അതാത് വകുപ്പിൽ നിന്നോ നൽകുന്ന കാര്യം പരിഗണിക്കുമോ? | **(സി)** | ചികിത്സാധനസഹായം അനുവദിച്ച് നൽകുന്ന സർക്കാർ ഉത്തരവിന്റെ ഒരു പകർപ്പ് ഗുണഭോക്താവിന്റെ പേരിൽ നേരിട്ട് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ